ഗുരുമാർഗം

മനുഷ്യന്റെ സന്താന പരമ്പര മനുഷ്യവർഗത്തിൽ നിന്നും മാത്രമാണല്ലോ ജനിക്കുന്നത്. ഇതാലോചിച്ചാൽ മനുഷ്യവർഗം മുഴുവൻ ഒരു ജാതിയിലുള്ളതാണെന്ന് വ്യക്തമായി തീരുമാനിക്കാം.

ഒരു ജാതി ഒരു മതം ഒരു ദൈവം

അനിഴം 35 - 49
ദ്വിതീയ 37 - 47
1940 കാർത്തികം 18
1439 സഫർ 30
1194 തുലാം 23

വിജയിപ്പിക്കേണ്ട മഹാദൗത്യം

പൂർണമായും നിർമ്മാർജ്ജനം ചെയ്യുവെന്ന കരുതപ്പെട്ടിരുന്ന കുഷ്ഠരോഗം ചെറിയ തോതിലാണെങ്കിലും ഇന്നും സംസ്ഥാനത്ത് കാണപ്പെടുന്നു എന്നത് അങ്ങേയറ്റം ഉത്കണ്ഠാജനകമാണ്. പുതുതായി ആർക്കും രോഗബാധയില്ലെന്ന സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിലാണ് 2005 ൽ കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യപ്പെട്ടുകഴിഞ്ഞു എന്ന പ്രഖ്യാപനമുണ്ടായത്. എന്നാൽ തുരത്തിയെന്ന് കരുതപ്പെടുന്ന പല മഹാരോഗങ്ങളെയും പോലെ അഭിശപ്തമായ കുഷ്ഠരോഗവും അങ്ങിങ്ങ് തലപൊക്കാൻ തുടങ്ങിയെന്ന കണ്ടെത്തൽ അതീവ ഗൗരവത്തോടെ വേണം കാണാൻ. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇക്കഴിഞ്ഞ ഏപ്രിൽ മുതൽ സെപ്തംബർ വരെ നടന്ന സർവേയിൽ 273 പുതിയ കേസുകൾ കണ്ടെത്തിയിരുന്നു. രോഗബാധിതരിൽ 21 പേർ കുട്ടികളാണെന്നതാണ് ഏറെ ഉത്കണ്ഠയ്ക്ക് കാരണമാകുന്നത്. മൂന്നുവർഷത്തിനിടെ കുട്ടികളിലെ രോഗവർദ്ധന 6.9 ശതമാനത്തിൽ നിന്ന് 9.42 ശതമാനമായിട്ടാണ് ഉയർന്നത്. വായുവിലൂടെ പകരുന്ന രോഗമായതിനാൽ പുതുതായി രോഗബാധ കണ്ടെത്തിയ സ്ഥലങ്ങളിൽ വിപുലമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ജനങ്ങളുടെ പരിപൂർണമായ സഹകരണം ഇതിന് ആവശ്യമാണ്. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ലെപ്രസി വിംഗിന്റെ നേതൃത്വത്തിൽ ഡിസംബർ അഞ്ച് മുതൽ 18 വരെ എട്ട് ജില്ലകളിൽ ഗൃഹസർവേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ആശാ വർക്കറും പരിശീലനം ലഭിച്ചിട്ടുള്ള പുരുഷവോളന്റിയറും ചേർന്ന് ഓരോ വീടും കയറിയിറങ്ങി വിവരം ശേഖരിക്കും. സംശയമുള്ളവരെ ഇവർ പരിശോധിച്ച് രോഗസ്ഥിരീകരണം ഉറപ്പാക്കും. രോഗം പ്രാരംഭഘട്ടത്തിൽ കണ്ടെത്തിയാൽ മറ്റ് ഏതൊരു രോഗത്തെയും പോലെ കുഷ്ഠവും പൂർണമായി ഭേദമാക്കാൻ കഴിയുമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ നൽകുന്ന ഉറപ്പ്. അതുകൊണ്ട് രോഗബാധിതരെന്നു സംശയിക്കുന്നവർ മറച്ചുവയ്ക്കാതെ ചികിത്സ തേടാൻ മുന്നോട്ടുവരേണ്ടതുണ്ട്. പകരുന്നതും പകരാത്തതുമായ രണ്ടിനം കുഷ്ഠരോഗമാണുള്ളത്. രണ്ടും പൂർണമായി ചികിത്സിച്ച് ഭേദമാക്കാനും കഴിയും. അത്യാധുനിക ചികിത്സാമുറകളും ഔഷധങ്ങളും ഇന്ന് കൈപ്പിടിയിൽത്തന്നെ ഉണ്ട്. കുഷ്ഠരോഗത്തോട് പണ്ട് കാലത്ത് സമൂഹം പുലർത്തിയിരുന്ന സമീപനത്തിലും ഇപ്പോൾ ഏറെ മാറ്റം വന്നിട്ടുണ്ട്. കുഷ്ഠരോഗം സൃഷ്ടിക്കുന്ന വൈകല്യമാണ് ജനങ്ങളെ ഏറെ ഭീതിപ്പെടുത്തിയിരുന്നത്. യഥാസമയം ചികിത്സ എടുത്താൽ വൈകല്യം ഒഴിവാക്കാമെന്ന് മാത്രമല്ല കുറഞ്ഞകാലംകൊണ്ട് തന്നെ രോഗം പൂർണമായും ഭേദമാക്കാനും സാധിക്കും.

> കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്തതായുള്ള 2005 ലെ പ്രഖ്യാപനത്തിനു ശേഷം ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ പുലർത്താതെ പോയതാണ് രോഗവ്യാപനത്തിന് വഴിയൊരുക്കിയതെന്ന് വിമർശനമുയർന്നിട്ടുണ്ട്. രോഗവർദ്ധന സംബന്ധിച്ച സ്ഥിതിവിവരങ്ങൾ അത് ശരിവയ്ക്കുന്നു. ആരോഗ്യവകുപ്പിനൊപ്പം ജനങ്ങളും ജാഗ്രതക്കുറവ് കാണിക്കുമ്പോഴാണ് മഹാമാരികൾ പലതും വർദ്ധിച്ച ഭീഷണിയായി മനുഷ്യരെ ഭയപ്പെടുത്താറുള്ളത്

കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്തതായുള്ള 2005 ലെ പ്രഖ്യാപനത്തിനുശേഷം ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധ പുലർത്താതെ പോയതാണ് രോഗവ്യാപനത്തിന് വഴിയൊരുക്കിയതെന്ന് വിമർശനമുയർന്നിട്ടുണ്ട്. രോഗവർദ്ധന സംബന്ധിച്ച സ്ഥിതിവിവരങ്ങൾ അത് ശരിവയ്ക്കുന്നു. ആരോഗ്യവകുപ്പിനൊപ്പം ജനങ്ങളും ജാഗ്രതക്കുറവ് കാണിക്കുമ്പോഴാണ് മഹാമാരികൾ പലതും വർദ്ധിച്ച ഭീഷണിയായി മനുഷ്യരെ ഭയപ്പെടുത്താറുള്ളത്. തുടച്ചുമാറ്റിയെന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും തലപൊക്കിയതായി ഇടയ്ക്കിടെ വാർത്തകൾ വരുന്നുണ്ട്. വസൂരി, പോളിയോ എന്നിവ ഉദാഹരണം. രാജ്യത്തെ പോളിയോ മുക്തമാക്കുന്നതിന് ദേശീയതലത്തിൽ എത്രയോ വലിയ യത്നമാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. ശിശുക്കൾക്ക് ഏറെ ഭീഷണിയായ ഡിഫ്തീരിയ, വില്ലൻചുമ, പോളിയോ എന്നീ മാരക രോഗങ്ങൾക്കെതിരെ രാജ്യത്ത് ഒരേസമയം പ്രതിരോധ വാക്സിൻ നൽകാറുണ്ട്. ഇതിനെതിരെ പോലും വിമർശനങ്ങളും ആക്ഷേപങ്ങളും കുപ്രചാരണവും ഉണ്ടാകാറുണ്ട്. ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന പല രോഗ പ്രതിരോധയജ്ഞങ്ങൾക്കെതിരെയും സംഘടിതമായ നീക്കങ്ങളുണ്ടാകാറുണ്ട്. തെറ്റായ ധാരണകളും അന്ധവിശ്വാസവും മറ്റുമാണ് ഇത്തരം പ്രതിലോമ ചിന്തകളിലേക്ക് അവരെ നയിക്കുന്നത്. സ്കൂൾ തലത്തിൽ നടത്താറുള്ള ആരോഗ്യ സർവേകളാണ് പലപ്പോഴും ഏറെ പ്രയോജനം ചെയ്യാറുള്ളത്.

കുഷ്ഠരോഗവ്യാപനം റിപ്പോർട്ട് ചെയ്യപ്പെട്ടതുതന്നെ സ്കൂളുകൾ കേന്ദ്രീകരിച്ച് നടന്ന പരിശോധനകളിലാണ്. രോഗം കണ്ടെത്തിക്കഴിഞ്ഞാൽ ഏറ്റവും നല്ല ചികിത്സാവിധികൾ ഇന്ന് ലഭ്യമാണ് . രോഗം പടരാതിരിക്കാനുള്ള മുൻകരുതലും യഥാസമയം എടുക്കാനാവും. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ എട്ട് ജില്ലകളിലാണ് ഡിസംബർ അഞ്ച് മുതൽ ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി കുഷ്ഠരോഗ സർവേ നടത്തുന്നത്. രോഗമില്ലെന്ന് ഉറപ്പാക്കുന്നതിനൊപ്പം രോഗലക്ഷണങ്ങളുള്ളവരെ കണ്ടെത്താനും സർവേ ഉപകരിക്കും. ജനങ്ങളുടെ സർവാത്മനായുള്ള സഹകരണം കൊണ്ടേ ഈ മഹത്തായ ദൗത്യം വിജയിപ്പിക്കാനാവൂ . വീട്ടിലെത്തുന്ന ആരോഗ്യപ്രവർത്തകരെ പടിവാതിലിൽ വച്ചുതന്നെ പറഞ്ഞുവിടാതെ ദൗത്യനിർവഹണത്തിന് അവരോട് പൂർണമായും സഹകരിക്കാൻ ഏവരും മുന്നോട്ടുവരണം.

കളഞ്ഞുപോയത് മനസോ, പണമോ?

നേർവഴി

സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

Email:- media.santhigiri@gmail.com

കടലിന് അഭിമുഖമായ ആഡംബര റസ്റ്റോറന്റിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോഴാണ് അയാൾ ആ കാഴ്ച കണ്ടത്. കുറേ കുട്ടികൾ കമ്പിവളയങ്ങൾ ഉരുട്ടിക്കൊണ്ട് കടൽക്കരയിലൂടെ ഓടുന്നു. അയാൾ കുട്ടികളുടെ കളികൾ കൗതുകപൂർവം നോക്കിക്കൊണ്ടിരുന്നു. അവരുടെയെല്ലാം പിന്നിലായി മുടന്തനായ ഒരു കുട്ടി കമ്പിവളയം ഉരുട്ടിക്കൊണ്ടു വരുന്നു. മുടന്ത് കാരണം അവന് ഓടാൻ സാധിക്കുന്നില്ല. മുടന്തനായ കുട്ടി മറ്റ് കുട്ടികൾക്കൊപ്പം കളിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ അവരുടെ പ്രതികരണം ഇതായിരുന്നു : ' നീ ഒറ്റയ്ക്ക് പോയി വീലു തട്ടിക്കോ. ഞങ്ങളുടെ കൂടെ കൂടിയാൽ ഞങ്ങളുടെ കളിയുടെ രസം പോകും. '

അവന്റെ മുഖത്ത് വിഷാദം നിറഞ്ഞു. വിഷമത്തോടെ അവൻ കൂട്ടത്തിൽ നിന്ന് മാറി ഒറ്റയ്ക്ക് നടന്ന് സാവധാനം വളയം ഉരുട്ടിക്കൊണ്ടിരുന്നു. ഈ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നയാൾ റസ്റ്റോറന്റിൽ നിന്ന് എഴുന്നേറ്റ് നടന്ന് അവന്റെ അടുത്തെത്തിക്കൊണ്ട് ചോദിച്ചു ' മോന് നടക്കാൻ വല്യ പ്രയാസമാണല്ലേ '

അവൻ തലയുയർത്തി, ദൈന്യതയാർന്ന മുഖം, അവൻ പറഞ്ഞു ' നടക്കാൻ വല്യ പ്രയാസമില്ല സാർ, പക്ഷേ എനിക്ക് ഓടാനാവുന്നില്ല, അതുകൊണ്ട് കൂട്ടുകാരെന്നെ കളിക്കാൻ കൂട്ടുന്നില്ല. '

ഒരു നിമിഷത്തെ നിശബ്ദതയ്ക്ക് ശേഷം അവൻ അയാളോട് ചോദിച്ചു:

' സാറെന്തിനാ എന്റെയടുത്ത് വന്ന് ഇങ്ങനെ ചോദിച്ചത്? '

' ഒരു പക്ഷേ നിന്റെ പാദം നേരെയാക്കി തരാൻ എനിക്ക് സാധിച്ചേക്കും, മോന് അതിനാഗ്രഹമുണ്ടോ? '

' ആഗ്രഹമുണ്ടോന്നോ, എന്റെ ഏറ്റവും വലിയ ആഗ്രഹമാണത്. ഞാനെന്നും പള്ളിയിൽ ചെന്ന് കർത്താവിനോട് പ്രാർത്ഥിക്കാറുണ്ട്. ഓപ്പറേഷന് പൈസ ഉണ്ടെങ്കിൽ നേരെയാക്കിത്തരാന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. പക്ഷേ എന്റെ അച്ഛന്റെ കൈയിൽ കാശില്ല. '

അയാൾ അവന്റെ അഡ്രസ് കുറിച്ചെടുത്തു. ജിമ്മി എന്നായിരുന്നു അവന്റെ പേര്. അവന്റെ മാതാപിതാക്കളെ കണ്ടെത്താനും അവന്റെ സർജറിയുടെ കാര്യം തരപ്പെടുത്തുവാനും തന്റെ ഡ്രൈവറെ ചുമതലപ്പെടുത്തി. ജിമ്മിയുടെ പാദം നേരെയാക്കാൻ അഞ്ച് ഓപ്പറേഷനുകളാണ് വേണ്ടിയിരുന്നത്. അവന്റെ വീട്ടിൽ നിന്നും അകലെയുള്ള ആശുപത്രിയിലായിരുന്നു ശസ്ത്രക്രിയ നടന്നത്. ഓപ്പറേഷൻ കഴിഞ്ഞ് അവൻ തിരിച്ചെത്തുന്നത് കാണാനും അവനെ സ്വീകരിക്കാനും അയൽവാസികളും കൂടിയിരുന്നു. പാദം നേരെയായപ്പോൾ അവനെ വീട്ടിൽ തിരിച്ചെത്തിച്ചതും അയാളുടെ ഡ്രൈവർ തന്നെയായിരുന്നു.

ജിമ്മി കാറിൽ നിന്നിറങ്ങി മുടന്ത് കൂടാതെ നടന്നു. അവർ ചോദിച്ചു ' ആരാണ് നിന്നെ ഈ വിധത്തിൽ സഹായിച്ച ആ വലിയ മനുഷ്യൻ?

അവൻ പറഞ്ഞു ' ഞാൻ എത്ര ചോദിച്ചിട്ടും അദ്ദേഹം പേരു പറഞ്ഞില്ല, അങ്കിൾ എന്ന് വിളിച്ചാൽ മതിയെന്ന് പറഞ്ഞു'

ഫോർഡ് മോട്ടോർ കമ്പനിയുടെ സ്ഥാപകനും പരോപകാര തൽപരനുമായിരുന്ന ഹെന്റി ഫോർഡ് ആയിരുന്നു ആ ധനാഢ്യൻ. ഈ കഥ കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ ഉദാരമനസിനെ വാനോളം പുകഴ്ത്തിയേക്കാം. അതേസമയം ഫോർഡിനെപ്പോലെ സഹായം ചെയ്യാൻ പണമില്ല എന്ന പരാതി മനസിൽ സൂക്ഷിക്കുകയും വിഷമിക്കുകയുംചെയ്യുന്നവരാകും പലരും. പണമില്ലാത്തതുകൊണ്ടാണോ യഥാർത്ഥത്തിൽ മറ്റുള്ളവരെ സഹായിക്കാത്തത്? അതോ പണത്തേക്കാളേറെ മറ്റുള്ളവരെ സഹായിക്കാനുള്ള മനസാണോ ഇല്ലാതെപോകുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്ഷേത്ര പ്രവേശനം: നാടുണർത്തിയ വിളംബരം

ആറന്മുള ശശി

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികദിനമാണ് നവംബർ 12. 1936 നവംബർ 12ന് സർ. സി. പി. രാമസ്വാമിഅയ്യരുടെ ഉപദേശപ്രകാരവും മഹാറാണി സേതുപാർവതീഭായിയുടെ പൂർണസമ്മതത്തോടെയും ശ്രീചിത്തിരതിരുനാൾ മഹാരാജാവ് പുറപ്പെടുവിച്ചതാണ് ക്ഷേത്രപ്രവേശനവിളംബരം. ഇത് സതിനിരോധനത്തിന് ശേഷം ഇന്ത്യയിലുണ്ടായ ഏറ്റവും വലിയ സാമൂഹിക പരിഷ്ക്കാരമെന്ന് വിശേഷിപ്പിക്കപ്പെടുന്നു.

വിളംബരത്തിന്റെ പൂർണരൂപം:

ശ്രീ പത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര കിരീടപതി മന്നേ സുൽത്താൻ മഹാരാജ രാജ ബഹാദൂർ ഷംഷെർജംഗ്, നൈറ്റ് ഗ്രാന്റ് കമാൻഡർ ഓഫ് ദി ഇന്ത്യൻ എംപയർ, തിരുവിതാംകൂർ മഹാരാജാവ് തിരുമനസുകൊണ്ട് 1936 നവംബർ 12 ന് ശരിയായ 1112 തുലാം 12ന് പ്രസിദ്ധപ്പെടുത്തുന്ന വിളംബരം :

നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, ആയത് ദൈവികമായ അനുശാസനത്തിലും സർവവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്ന് വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അത് ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നുവെന്ന് ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമത വിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിതമായ പരിസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനത്താലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും നമ്മുടെ ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു.

ചരിത്രത്തിലെ സുവർണരേഖ

ക്ഷേത്രപ്രവേശന വിളംബരം ഹിന്ദുമത നവോത്ഥാന ചരിത്രത്തിലെ സുവർണരേഖയാണ്. സവർണരിലെ ഉത്പതിഷ്ണുക്കളും അവർണരിലെ പ്രതിഭാശാലികളും ഒന്നിച്ചണിചേർന്ന് നടത്തിയ സമരപോരാട്ടത്തിന്റെ ഓർമ്മപ്പെടുത്തലാണ് ക്ഷേത്രപ്രവേശനവിളംബരം. തിരുവിതാംകൂറിലെ ഹിന്ദുക്കളിൽ 85 ശതമാനത്തിനും ക്ഷേത്രപ്രവേശനത്തിനെന്നല്ല, ക്ഷേത്രസമീപമുള്ള റോഡിലൂടെ നടക്കാനും അനുവാദമുണ്ടായിരുന്നില്ല. വൈക്കം സത്യാഗ്രഹം ക്ഷേത്രമതിലിന് പുറത്തുള്ള റോഡിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കാനായിരുന്നു. അതിനുവേണ്ടി ഇരുണ്ട കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ച ചിലരെക്കുറിച്ച് അറിയേണ്ടതുണ്ട്.

കന്യാകുമാരി ജില്ലയിൽ സ്വാമിത്തോപ്പിൽ ജനിച്ച അയ്യാവൈകുണ്ഠസ്വാമി (1809-1851) യാണ് തിരുവിതാംകൂറിൽ അയിത്തത്തിനെതിരായ കലാപത്തിന് തിരി കൊളുത്തിയത്. സമത്വസമാജം രൂപീകരിച്ച് പന്തിഭോജനം നടത്തുകയും മനുഷ്യരെല്ലാം ഒരു ജാതിയിൽ പെട്ടവരാണെന്നും, ജാതി ചോദിക്കുന്നവനും പറയുന്നവനും ഏറ്റവും വലിയ ജാതി ഭ്രാന്തനാണെന്നും അത്തരക്കാരെ അകറ്റിനിറുത്തണമെന്നും വൈകുണ്ഠസ്വാമി പറഞ്ഞു.

നവോത്ഥാന നായകനായ ശ്രീനാരായണഗുരുദേവൻ സാമൂഹികമാറ്റത്തിനുവേണ്ടി ആത്മീയവും ഭൗതികവുമായ നിലപാടുകൾ സ്വീകരിച്ചു. അതിന് മഹാകവി കുമാരനാശാനെയും രാഷ്ട്രീയ നേതാവായ ടി.കെ. മാധവനെയും യുക്തിവാദിയായ സഹോദരൻ അയ്യപ്പനേയും ഡോ. പല്പുവിനേയും നടരാജഗുരുവിനേയും ഒപ്പം കൂട്ടി. എല്ലാ തുറയിലുമുള്ള പ്രതിഭാശാലികളുടെ ഐക്യവും മുന്നേറ്റവുമാണ് സാമൂഹിക മാറ്റത്തിന് അനുപേക്ഷണീയം എന്നു കണ്ട ക്രാന്തദർശിയായിരുന്ന അദ്ദേഹം. ശുഭ്രവസ്ത്രം ധരിച്ച്, മനുഷ്യൻ ഒന്നാണെന്ന് അരുളിചെയ്ത് പച്ചമനുഷ്യരുടെ ഇടയിൽ ജീവിച്ച ചട്ടമ്പി സ്വാമികളും അയ്യങ്കാളിയും ഉൾപ്പെടെ നവോത്ഥാന നായകർ വെട്ടിത്തെളിച്ച പാതയിലൂടെയാണ് ക്ഷേത്ര പ്രവേശനത്തിനായി ജനലക്ഷങ്ങൾ നടന്നു നീങ്ങിയത്. സദാനന്ദസ്വാമികളാകട്ടെ, ബ്രഹ്മനിഷ്ഠാമഠം സ്ഥാപിച്ച് ജാതിസമ്പ്രദായത്തെ വെല്ലുവിളിച്ചു. ജനിച്ചത് നായർ സമുദായത്തിലായിരുന്നെങ്കിലും, മനസിൽ നിന്ന് ജാതിയുടെ വേരുകൾ പിഴുതെറിഞ്ഞ മഹാനുഭാവനായിരുന്നു . അദ്ദേഹം അയ്യങ്കാളിയെ അമരക്കാരനായി അവരോധിക്കുകയും ചെയ്തു.

അന്വേഷണ കമ്മിഷൻ

ദിവാൻ സി.പി. രാമസ്വാമി അയ്യരുടെ നിർദ്ദേശപ്രകാരം ക്ഷേത്രപ്രവേശനം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒൻപതംഗ സമിതിയെ തിരുവിതാംകൂർ സർക്കാർ നിയമിച്ചു. സമിതിയുടെ അദ്ധ്യക്ഷൻ മുൻ ദിവാൻ വി.എസ്. സുബ്രഹ്മണ്യയ്യർ ആയിരുന്നു. 1934 ജനുവരി 11ന് സമിതി റിപ്പോർട്ട് സമർപ്പിച്ചു. ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിന് അനുകൂലമായിരുന്നില്ല റിപ്പോർട്ട്. അവർണരെ ക്ഷേത്രത്തിൽ കയറ്റിയാൽ ആചാരത്തിനും വിശ്വാസത്തിനും വിഘ്നം വരുമെന്നും, അവർണർക്ക് പ്രവേശനം അനുവദിക്കുന്ന ഒരു സവർണക്ഷേത്രവും തിരുവിതാംകൂറിലില്ലെന്നുമായിരുന്നു സമിതിയുടെ കണ്ടെത്തൽ. പ്രത്യേകം നിയോഗിക്കപ്പെടുന്ന പരിഷത്തുമായി ആലോചിച്ച് വ്യവസ്ഥകൾക്കു വിധേയമായി ഭാഗികമായ ക്ഷേത്രപ്രവേശനം അനുവദിക്കുന്ന കാര്യം മഹാരാജാവിനു തീരുമാനിക്കാമെന്ന് സമിതി നിർദ്ദേശിച്ചു. രാജാവ് ക്ഷേത്രപ്രവേശനം അനുവദിക്കുകയായിരുന്നു. പൊതുഖജനാവിൽ നിന്ന് പണം ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള എല്ലാ റോഡുകളും കുളങ്ങളും കിണറുകളും സത്രങ്ങളും മറ്റും ജാതി പരിഗണനയില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കുമായി തുറന്നു കൊടുക്കാമെന്നും സമിതി ശുപാർശ ചെയ്തു. ശുപാർശ 1936 മേയ് മാസത്തിൽ നടപ്പിൽ വന്നു.

(ലേഖകൻ ടി.ടി കേശവൻ ശാസ്ത്രി ഫൗണ്ടേഷന്റെ സെക്രട്ടറിയാണ്)

ട്രംപിന് കടിഞ്ഞാൺ

ഡോ. ജോസുകുട്ടി സി.എ

അമേരിക്കയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വാശിയേറിയതും ഭരിക്കുന്ന പ്രസിഡന്റിന്റെ ഇടപെടൽ കൊണ്ട് ശ്രദ്ധേയവുമായ ഇടക്കാല തിരഞ്ഞെടുപ്പാണ് ഇപ്പോൾ കഴിഞ്ഞത്. തിരഞ്ഞെടുപ്പിൽ ഹൗസ് ഒഫ് റെപ്രസെന്റേറ്റീവ്സ് എട്ട് വർഷങ്ങൾക്ക് ശേഷം ഡെമോക്രാറ്റ്സ് തിരിച്ചു പിടിച്ചു. എന്നാൽ സെനറ്റിൽ റിപ്പബ്ളിക്കൻസ് തങ്ങളുടെ നില മെച്ചപ്പെടുത്തി ഭൂരിപക്ഷമായി തുടരുന്നു. ഗവർണർ തിരഞ്ഞെടുപ്പുകളിൽ ഏഴോളം സംസ്ഥാനങ്ങൾ ഡെമോക്രാറ്റ്സ് റിപ്പബ്ളിക്കൻസിൽ നിന്ന് തിരിച്ചുപിടിച്ചിട്ടുണ്ട്. മൊത്തം ജനകീയ വോട്ടിന്റെ ശതമാനത്തിൽ ഡെമോക്രാറ്റ്സിന് ഏഴ് ശതമാനത്തിന്റെ മുൻതൂക്കമുണ്ട്. രണ്ട് പാർട്ടികളും ഇത് തങ്ങളുടെ വിജയമാണെന്ന് അവകാശപ്പെടുന്നു. ഒരു പരിധിവരെ ഇത് ശരിയുമാണ്. കാരണം സാധാരണ ഇടക്കാല തിരഞ്ഞെടുപ്പുകളിൽ ഇതിൽ കൂടുതൽ നഷ്ടം പ്രസിഡന്റിന്റെ പാർട്ടിക്ക് സംഭവിക്കാറുള്ളതാണ്. ഒബാമ ഭരിച്ചിരുന്ന സമയത്താണ് കോൺഗ്രസിന്റെ രണ്ട് സഭകളും ഡെമോക്രാറ്റ്സിന് നഷ്ടപ്പെടുന്നത്. എന്നാലിപ്പോൾ റിപ്പബ്ളിക്കൻസ് സെനറ്റ് നിലനിറുത്തിയിരിക്കുകയാണ്. എന്നിരുന്നാലും ഡെമോക്രാറ്റ്സിന് നേട്ടമായി ഇടക്കാല തിരഞ്ഞെടുപ്പിനെ വിലയിരുത്താം.

ഡെമോക്രാറ്റ്സുകളുടെ നേട്ടം പ്രധാനമായും വിവിധ വംശ-ദേശ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരപ്രദേശങ്ങളിലാണ്. കോളേജ് വിദ്യാഭ്യാസമുള്ള വെള്ളക്കാർ വലിയ തോതിൽ ട്രംപിനെതിരായി വോട്ട് ചെയ്തു. യാഥാസ്ഥിക ഗ്രാമപ്രദേശങ്ങൾ റിപ്പബ്ളിക്കൻസിന്റെ ശക്തികേന്ദ്രമായി തുടരുന്നു. മുതിർന്ന വെള്ളക്കാർ ട്രംപിന് അനുകൂലമായി വോട്ട് ചെയ്തതായി കാണാം. ദീർഘകാലാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് ഫലം ഡെമോക്രാറ്റ്സിന് ശുഭസൂചകമാണ്. കാരണം യുവതലമുറയെയും വിവിധ വംശദേശീയ വിഭാഗങ്ങളെയും കൂടെനിറുത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.

ട്രംപ് ഇവിടൊക്കെ തന്നെയുണ്ട്

പൊതുവെ തിരഞ്ഞെടുപ്പ് ഫലം ട്രംപിന് എതിരാണെങ്കിലും റിപ്പബ്ളിക്കൻ പാർട്ടിയുടെ ശക്തികേന്ദ്രങ്ങൾ കോട്ടയായി തുടരുന്നു. കഴിഞ്ഞ തവണ റിപ്പബ്ളിക്കൻസ് ഡെമോക്രാറ്റ്സുകളുടെ കൈയിൽ നിന്നും പിടിച്ചെടുത്ത അത്രതന്നെ സീറ്റുകൾ ഇത്തവണ ഡെമോക്രാറ്റ്സിന് റിപ്പബ്ളിക്കൻസിന്റെ പക്കൽ നിന്ന് പിടിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ടെക്സാസ്, ഫ്ലോറിഡ തുടങ്ങിയ നിർണായക സംസ്ഥാനങ്ങൾ ട്രംപിനൊപ്പം നിലകൊണ്ടു. ട്രംപിന്റെ കിറുക്കൻ നിലപാടുകളൊന്നും തന്നെ അദ്ദേഹത്തിന്റെ അടിസ്ഥാന പിന്തുണയ്ക്ക് കോട്ടം തട്ടിച്ചിട്ടില്ല.

നാൻസി പെലോസി

ഡൊണാൾഡ് ട്രംപ്

ട്രംപിന് മൂക്കുകയർ വീഴും

തിരഞ്ഞെടുപ്പ് ഫലം ട്രംപിന്റെ ഏകാധിപത്യ പ്രവണതകൾക്ക് കടിഞ്ഞാണിടും. ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സിലെ ഭൂരിപക്ഷം, സഭയുടെ പല അന്വേഷണ കമ്മിറ്റികളുടെയും നിയന്ത്രണം ഡെമോക്രാറ്റ്സിന് ലഭ്യമാക്കും. റഷ്യയുടെ അമേരിക്കൻ തിരഞ്ഞെടുപ്പിലെ ഇടപെടൽ, ട്രംപിന്റെ കമ്പനിക്ക് റഷ്യയും മറ്റ് രാജ്യങ്ങളുമായുള്ള വ്യാപാര ഇടപാടുകൾ, ട്രംപിന് എതിരെയുള്ള അഴിമതി ആരോപണങ്ങൾ തുടങ്ങിയവയിലെ അന്വേഷണ കമ്മിഷനുകൾ ഇനി മുതൽ ഡെമോക്രാറ്റ്സിന്റെ നിയന്ത്രണത്തിലായിരിക്കും. കഴിഞ്ഞ രണ്ട് വർഷമായി മൂക്കുകയറില്ലാതെ മുക്രയിട്ട് പാഞ്ഞ ട്രംപ് എന്ന കാളക്കൂറ്റനെ നിയന്ത്രിക്കാൻ ഡെമോക്രാറ്റ്സുകൾക്ക് ആയുധങ്ങൾ ആവോളമായി.

ഇംപീച്ച്മെന്റ് ഉണ്ടാവുമോ?

ട്രംപിനെതിരെ ഉയർന്നിട്ടുള്ള പല ആരോപണങ്ങളും അദ്ദേഹത്തെ പ്രസിഡന്റ് പദവിയിൽ നിന്ന് നീക്കം ചെയ്യാൻ ഉതകുന്ന തരത്തിൽ ഗൗരവമുള്ളതാണ്. മാറിയ രാഷ്ടീയ സാഹചര്യത്തിൽ അദ്ദേഹത്തിനെതിരെ ഇംപീച്ച്മെന്റ് നടപടികൾ ഡെമോക്രാറ്റ്സുകൾ തുടങ്ങി വയ്ക്കുമോ എന്ന് സംശയിക്കുന്നവരേറെയുണ്ട്. എന്നാൽ ഇതിനുള്ള സാദ്ധ്യത വളരെ കുറവാണ്. ഒന്ന് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സിലെ ഭൂരിപക്ഷം കൊണ്ടുമാത്രം ഇത് സാദ്ധ്യമല്ല. രണ്ട് അമേരിക്കൻ ചരിത്രത്തിൽ ഇംപീച്ച്മെന്റുകൾ വിജയിച്ചിട്ടില്ല.

പുതിയ സ്പീക്കറായി പരിഗണിക്കപ്പെടുന്ന , ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സിലെ ഡമോക്രാറ്റ് നേതാവ് നാൻസി പെലോസിയുടെ അഭിപ്രായത്തിൽ ഇംപീച്ച്മെന്റ് ഒരു പ്രഥമ ലക്ഷ്യമായി കാണുന്നില്ല. മറിച്ച് സുതാര്യവും ഫലപ്രദവുമായ ഭരണത്തിലായിരിക്കും ശ്രദ്ധിക്കുക. 2020 ൽ ഡെമോക്രാറ്റുകളുടെ പ്രസിഡന്റാകാൻ സാദ്ധ്യതയുള്ള ആളാണ് നാൻസി പെലോസി.

എല്ലാം സാമ്പത്തികമല്ല

സാധാരണഗതിയിൽ സാമ്പത്തിക ഭദ്രതയുണ്ടെങ്കിൽ അമേരിക്കക്കാർ ആ സർക്കാരിന് അനുകൂലമായി വോട്ട് ചെയ്യാറുള്ളതാണ്. ട്രംപ് ഭരണത്തിൽ അമേരിക്കൻ സമ്പദ് വ്യവസ്ഥ ശക്തമായി മുന്നേറുകയാണ്. തൊഴിലില്ലായ്മ അടുത്ത കാലത്തെ ഏറ്റവും കുറഞ്ഞ നിലയിലാണ്. എന്നാൽ ഈ മുൻതൂക്കം വോട്ടാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. ട്രംപിന്റെ ജനസഞ്ചയ വിഭജന വിദ്വേഷ രാഷ്ട്രീയം ജനങ്ങൾക്ക് അത്ര പിടിക്കുന്നില്ല എന്ന് വേണം മനസിലാക്കാൻ.

വിഭജിത രാഷ്ട്രീയം

ഇനി മുതൽ അമേരിക്കൻ രാഷ്ടീയ തീരുമാനങ്ങൾ കടുത്ത അഭിപ്രായ വ്യത്യാസങ്ങൾക്ക് വിധേയമായിരിക്കും. ഒബാമ കെയർ പിൻവലിക്കൽ, മെക്സിക്കൻ അതിർത്തി മതിൽ നിർമ്മാണം , കുടിയേറ്റ പൗരത്വ വിരുദ്ധ നിയമങ്ങൾ തുടങ്ങിയവ അതിശക്തമായ രാഷ്ടീയ എതിർപ്പ് വിളിച്ചുവരുത്തും. ഇത് സൃഷ്ടിക്കുന്ന രാഷ്ടീയ അനൈക്യം ഗവൺമെന്റിന്റെ ശക്തമായ നടപടികളെയും കാര്യനിർവഹണത്തെയും സാരമായി ബാധിക്കും. അമേരിക്കയിൽ ഇനി പൊതുതാത്പര്യത്തെ പോലും ഹനിക്കുന്ന രാഷ്ടീയ വൈര്യത്തിന്റെ കാലമാണ്.

വിദേശനയം

ഇനി മുതൽ ട്രംപിന് ഏകപക്ഷീയ വിദേശയനയങ്ങളുമായി മുന്നോട്ടു പോകാൻ എളുപ്പമാകില്ല. കരാറുകൾക്കും മറ്റ് നടപടികൾക്കും കോൺഗ്രസിന്റെ അംഗീകാരം വേണമെന്നതാണ് പ്രശ്നം. ഡെമോക്രാറ്റ്സുകളുടെ നേതൃത്വത്തിൽ ഇറാനുമായി ഉണ്ടാക്കിയ ആണവകരാറിൽ നിന്നുള്ള അമേരിക്കൻ പിന്മാറ്റം കൂടുതലായി വിമർശിക്കപ്പെടും. റഷ്യയുമായി കൂടുതൽ അടുക്കാമെന്ന ട്രംപിന്റെ മോഹം ഇനി പൂവണിയില്ല. അതുപോലെതന്നെ ഏകപക്ഷീയമായി അന്താരാഷ്ട്ര കരാറുകളിൽ നിന്ന് പിൻവാങ്ങുന്നതും എളുപ്പമാകില്ല.

ഇന്ത്യാ ബന്ധം

ബിസിനസ് താത്പര്യങ്ങൾക്ക് അപ്പുറത്ത് തന്ത്രപരമായ വലിയ പ്രാധാന്യമൊന്നും ട്രംപ് ഇന്ത്യയ്ക്ക് നൽകിയിട്ടില്ല. അതുകൊണ്ടാണ് ഗൗരവമേറിയ വ്യാപാര പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലും ഇന്ത്യയെ നികുതി രാജാവ് എന്ന് അദ്ദേഹം വിശേഷിപ്പിച്ചതും ഏകപക്ഷീയമായി ചില ഇന്ത്യൻ ഇറക്കുമതികളിൽ നികുതി അടിച്ചേൽപ്പിച്ചതും. ഇനി അത്തരം ഏകപക്ഷീയമായ തീരുമാനങ്ങളുമായി മുന്നോട്ടു പോകാനുള്ള സാദ്ധ്യത കുറവാണ്. ട്രംപിനേറ്റ ഈ ചെറിയ തിരിച്ചടി ഇന്ത്യയ്ക്ക് ഗുണകരമാകാനാണ് സാദ്ധ്യത.

2020 കടുകട്ടി

2020 ലാണ് അടുത്ത പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കുക. ഉറപ്പായും ട്രംപ് റിപ്പബ്ളിക്കൻ സ്ഥാനാർത്ഥി ആയിരിക്കും. ഡെമോക്രാറ്റ്സുകൾ വർദ്ധിത വീര്യത്തോടെ മത്സരരംഗത്തുണ്ടാകും. 2016 ൽ ട്രംപിനെ ജയിപ്പിച്ച ഘടകങ്ങൾ ഇളക്കമില്ലാതെ തുടരുന്നുവെങ്കിലും കാലിനടിയിലെ മണ്ണ് ചെറുതായി ഒലിച്ച് തുടങ്ങിയിട്ടുണ്ട്. 2020 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് കടുകട്ടിയായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ജനാധിപത്യം ശക്തം

ട്രംപിസത്തേക്കാൾ ശക്തമാണ് അമേരിക്കൻ ജനാധിപത്യം എന്ന ആശാവഹമായ സന്ദേശമാണ് ഇടക്കാല തിരഞ്ഞെടുപ്പ് നൽകുന്നത്. അമേരിക്കൻ ജനാധിപത്യത്തിന്റെ ആണിക്കല്ലായ ലിബറൽ ഇടതുപക്ഷ രാഷ്ടീയം ട്രംപിന്റെ തീവ്രവലതുപക്ഷ രാഷ്ടീയത്തെ നേരിടാൻ ശക്തമാണെന്ന് ഈ തിരഞ്ഞെടുപ്പ് തെളിയിക്കുന്നു.

(ലേഖകൻ കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകനാണ്. ഫോൺ : 9447145381)